## 4. ചൈന

ഖിലാഫതുർറാശിദഃയുടെ കാലത്തുതന്നെ ഇസ്‌ലാമിക സാമ്രാജ്യം ചൈനയുടെ അതിർത്തിവരെ വ്യാപിച്ചിരുന്നു. അറബി കച്ചവട സംഘങ്ങൾക്ക് അതിനു മുമ്പ് ചൈനക്കാരുമായി വ്യാപാര ബന്ധങ്ങളുണ്ടായിരുന്നു. ക്രി. 618–907 വരെ നിലനിന്ന താങ്ങ് രാജവംശത്തെക്കുറിച്ചുള്ള ചൈനീസ് രേഖകളിൽ അറബികളെപ്പറ്റിയും അറേബ്യയിൽ ഉദയം കൊണ്ട പുതിയ മതത്തെക്കുറിച്ചും പരാമർശങ്ങളുള്ളതായി സർ. തോമസ് ആർനോൾഡ് രേഖപ്പെടുത്തുന്നു. അക്കാലത്ത് ചൈനീസ് തുറമുഖ നഗരങ്ങളിൽ ധാരാളം മുസ്‌ലിം കച്ചവട സംഘങ്ങളെ കണ്ടിരുന്നതായി രേഖകളുണ്ട്. ക്രി. 627–ൽ തന്നെ ചൈനയിലെ മുസ്‌ലിംകൾ സിംജിയാങ് പ്രദേശത്ത് ആരാധനാലയങ്ങൾ പണിതിരുന്നതായി ഈയിടെ ചൈനയിൽ പര്യടനം നടത്തിയ ചില ഗവേഷകർ അഭിപ്രായപ്പെടുന്നുണ്ട്.

രണ്ടാം ഖലീഫഃ ഉമറിന്റെ കാലത്ത് അറബികൾ പേർഷ്യ കീഴടക്കിയപ്പോൾ യസ്ദജിർദിന്റെ പുത്രൻ ഫൈറൂസ് അറബികൾക്കെതിരെ പേർഷ്യക്കാരെ സഹായിക്കാൻ ചൈനയുടെ സഹായം തേടിയിരുന്നതായും ദൂരക്കൂടുതൽ കാരണം സൈന്യത്തെ അയക്കാൻ ചൈനക്ക് കഴിഞ്ഞില്ലെന്നും ചരിത്ര പരാമർശങ്ങളുണ്ട്. ഖലീഫഃ ഉഥ്മാൻ ക്രി. 651–ൽ അയച്ച പ്രതിനിധിയെ ചൈനീസ് ചക്രവർത്തി ആദരവോടെ സ്വീകരിച്ചതായും പറയപ്പെടുന്നു. ക്രി. ഒമ്പതാം നൂറ്റാണ്ടിലെ അറബി ഭൂമിശാസ്ത്രജ്ഞന്മാർ ചൈനയിലെ മുസ്‌ലിം ആവാസകേന്ദ്രങ്ങളെക്കുറിച്ചും അവിടത്തെ പള്ളികളെക്കുറിച്ചും വിവരിക്കുന്നുണ്ട്. ഇതിൽനിന്നെല്ലാം ഇസ്‌ലാം അതിന്റെ ആരംഭദശയിൽ തന്നെ ചൈനയിൽ പ്രചരിച്ചിരുന്നുവെന്നത് തർക്കമറ്റ സംഗതിയാണ്.

കഴിഞ്ഞ നൂറ്റാണ്ടുവരെ ലഭ്യമായ വിവരങ്ങൾ പ്രകാരം ഉമവീ ഖലീഫഃ വലീദിന്റെ ഭരണകാലത്ത് ഇസ്‌ലാം ചൈനയിൽ പ്രവേശിച്ചിരുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നത്. പിന്നീട് മധ്യേഷ്യയിലൂടെ ആ പ്രക്രിയ ശക്തിപ്പെട്ട് വന്നിരുന്നതായി മനസ്സിലാക്കാം.

657–770/1259–1368 വരെ ചൈന ഭരിച്ചിരുന്ന മംഗോളുകളുടെ കാലത്ത് ഭരണകൂടത്തിൽ തന്നെ ഇസ്‌ലാമിക പ്രഭാവം നിലനിർത്തിയിരുന്ന ഇറാനികളും തുർകികളുമായ ധാരാളം ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നു. അക്കൂട്ടത്തിൽ സയ്യിദ് അജൽ എന്ന പേരിൽ അറിയപ്പെട്ട ശംസുദ്ദീൻ ഉമർ (ക്രി. 1210–1279) ചൈനയിലെ ജനങ്ങൾക്കിടയിൽ ഇസ്‌ലാമിക സന്ദേശം എത്തിക്കുന്നതിൽ കാര്യമായ പങ്കുവഹിച്ചിരുന്നു. സയ്യിദ് അജലിന്റെ പിൻഗാമികളും ചൈനയിലെ ഇസ്‌ലാമിക പ്രബോധനത്തിൽ നിർണായകമായ പങ്കുവഹിക്കുകയുണ്ടായി.

13–ാം നൂറ്റാണ്ടിനുശേഷം അറബികൾ, പേർഷ്യക്കാർ, തുർകികൾ എന്നിങ്ങനെ പല പ്രദേശക്കാരായ മുസ്‌ലിംകൾ ചൈനയിലേക്ക് പ്രവഹിച്ചു. വ്യാപാരികൾ, കരവേലക്കാർ, പട്ടാളക്കാർ, കുടിയേറ്റക്കാർ എന്നിവർ അവരിലുണ്ടായിരുന്നു. അവരിൽ വലിയൊരു വിഭാഗം ചൈനയിൽ സ്ഥിരതാമസമാക്കുകയും പില്ക്കാലത്ത് വലിയ സമുദായമായിത്തീരുകയും ചെയ്തു. ചൈനീസ് സ്ത്രീകളുമായുള്ള വിവാഹബന്ധം മൂലം അവരുടെ വർഗപരമായ പ്രത്യേകതകൾ കാലക്രമേണ മാഞ്ഞുപോയി.

സയ്യിദ് അജലിനും അദ്ദേഹത്തിന്റെ അനുയായികൾക്കും ഉണ്ടായിരുന്ന ഉന്നത പദവിയും ജനസ്വാധീനവും, മംഗോൾ അധിനിവേശം മൂലം ചൈനയും മുസ്‌ലിം പ്രദേശങ്ങളും തമ്മിലുണ്ടായ വാർത്താ വിനിമയ ബന്ധങ്ങളും തുർകികളെയും പേർഷ്യക്കാരെയും ചൈനയിലേക്കാകർഷിച്ചു. അത്തരം കുടിയേറ്റം മൂലമാണ് അവിടവിടെയായി ചൈനയിൽ ധാരാളം മുസ്‌ലിം വാസസ്ഥലങ്ങൾ രൂപംകൊണ്ടത്. 1275 മുതൽ 1292 വരെ ചൈനയിൽ വസിച്ച മാർക്കോപോളോ ചൈനയിലെ യുന്നാൻ പ്രവിശ്യയുടെ വിവിധ ഭാഗങ്ങളിൽ മുസ്‌ലിംകളെ കണ്ടിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. 14–ാം നൂറ്റാണ്ടിൽ ചൈന സന്ദർശിച്ച പ്രസിദ്ധ സഞ്ചാരി ഇബ്നു ബത്തൂത്വഃ ചൈനയിൽ നിരവധി സ്ഥലങ്ങളിൽ മുസ്‌ലിം അധിവാസ കേന്ദ്രങ്ങളുള്ളതായും, അവർ അദ്ദേഹത്തിനു നല്കിയ സ്വീകരണത്തെക്കുറിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്.

മംഗോളിയർക്ക് ശേഷം മുസ്‌ലിം കുടിയേറ്റം നിലച്ചു. പിന്നീട് അവിടെയുണ്ടായിരുന്ന മുസ്‌ലിംകൾ തദ്ദേശീയരുമായി അലിഞ്ഞു ചേരുകയായിരുന്നു.

മിങ്ങ്‌രാജവംശത്തിന്റെ കാലത്ത് (1369–1644) മുസ്‌ലിംകൾക്ക് ചൈനയിൽ ചില പ്രത്യേക അവകാശങ്ങൾ ഭരണകൂടം അനുവദിച്ചിരുന്നു. അക്കാലത്ത് ചൈനയുടെ വിവിധ ഭാഗങ്ങളിൽ ഇസ്‌ലാം ദ്രുതഗതിയിൽ വ്യാപിക്കുകയും നിരവധി മുസ്‌ലിം പള്ളികളും ഇസ്‌ലാമിക പഠനകേന്ദ്രങ്ങളും ഉയർന്നുവരികയും ചെയ്തു.

അക്കാലത്ത് ചൈനയിലെ ചക്രവർത്തിമാർ മധ്യേഷ്യയിലെ മുസ്‌ലിം ഭരണാധികാരികളുമായി നല്ല സൗഹൃദത്തിലായിരുന്നു. ഈ സുഹൃദ്ബന്ധത്തിന്റെ വെളിച്ചത്തിലാവണം സമർഖന്ദിലെ ഭരണാധികാരി ചൈനീസ് ചക്രവർത്തിയെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് 1412–ൽ പേർഷ്യനിലും അറബിയിലുമുള്ള രണ്ട് കത്തുകൾ കൊടുത്തയച്ചത്. അതിന്റെ ഫലമായി ഭരണകൂടത്തിൽനിന്ന് ഇസ്‌ലാമിന് കൂടുതൽ സ്വീകാര്യത ലഭിക്കുകയും ചൈനയിൽ ഇസ്‌ലാം കൂടുതൽ വ്യാപിക്കുകയും ചെയ്തു. 16–ാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ പീക്കിംഗിൽ താമസിച്ചിരുന്ന സഞ്ചാരി സയ്യിദ് അലി അക്ബർ നല്കുന്ന വിവരണ പ്രകാരം ചൈനയിൽ കെൻജാ നഗരത്തിൽ 30,000–ത്തിലധികം മുസ്‌ലിം കുടുംബങ്ങൾ അധിവസിച്ചിരുന്നു. ഭരണകൂടത്തിന്റെ ചെലവിൽ തന്നെ അവർക്ക് പള്ളികൾ പണിതു കൊടുത്തിരുന്നു. അന്ന് തലസ്ഥാന നഗരിയിൽ നാല് വലിയ മസ്ജിദുകളും പ്രവിശ്യകളിൽ 90–ഓളം പള്ളികളും ചക്രവർത്തിമാർ നിർമിച്ചുകൊടുത്തിരുന്നു.

എന്നാൽ ഭരണകൂടത്തിന്റെ ഈ അനുകൂലനയം മാഞ്ചു ചക്രവർത്തിമാർ അധികാരമേറ്റതോടെ (1644) നഷ്ടപ്പെട്ടു. 1648–ൽ മുസ്‌ലിംകൾ കാൻസൂ പ്രവിശ്യയിൽ ഭരണകൂടത്തിനെതിരെ പ്രക്ഷോഭം നടത്താൻ നിർബന്ധിതരായി. പിന്നീട് പലപ്പോഴും ചെറുതും വലുതുമായ അനേകം പ്രക്ഷോഭങ്ങൾ പൊട്ടിപ്പുറപ്പെട്ടെങ്കിലും അതെല്ലാം ഭരണകൂടം അടിച്ചമർത്തി. വീണ്ടും ഭരണകൂടവും മുസ്‌ലിംകളും തമ്മിൽ നല്ല ബന്ധം നിലനിന്നിരുന്നു. 1770–ൽ മുസ്‌ലിം ഭൂരിപക്ഷ പ്രദേശമായ സുൻഗാറിൽ കുടിയേറിയ 10,000–ത്തോളം ചൈനീസ് കുടുംബങ്ങൾ ഇസ്‌ലാം സ്വീകരിച്ചു. ചൈനയിലെ രാജധാനിയിൽ ഉന്നത സ്ഥാനങ്ങൾ വഹിച്ചിരുന്ന പല ജൂതന്മാരും 17–ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി.

18–ാം നൂറ്റാണ്ടിൽ ചൈനയിൽ ശാന്തമായി ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങൾ നടന്നിരുന്നതായി നിരവധി രേഖകളിൽ കാണുന്നു.

ചൈനീസ് മുസ്‌ലിംകൾ സമർഥരായ വ്യാപാരികളും വർത്തകരുമായിരുന്നു. 18–ാം നൂറ്റാണ്ടിൽ ചൈനയിലെ 10 പ്രവിശ്യയിലെങ്കിലും ഇസ്‌ലാമിക പ്രചാരണത്തിന് പ്രോൽസാഹനം നല്കുന്ന കേന്ദ്രങ്ങളുണ്ടായിരുന്നതായി രേഖകളുണ്ട്. അക്കാലത്തും പിന്നീടും ഇസ്‌ലാമിക പ്രബോധനം വ്യാപകമായി നടന്നിരുന്നു. 1895–ൽ പീക്കിംഗിലെത്തിയ ഒരു തുർകി സഞ്ചാരി അവിടെ 30 പള്ളികൾ കണ്ടിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രബോധക സംഘങ്ങൾ കമ്യൂണിസ്റ്റ് വിപ്ലവത്തിന് തൊട്ടുമുമ്പ് വരെ ചൈനയിൽ ഇസ്‌ലാമിക സന്ദേശം പ്രചരിപ്പി

ക്കുന്നതിൽ കാര്യമായ പങ്കുവഹിച്ചിരുന്നു. 1867-ൽ റഷ്യക്കാരനായ വാസിലോവ് രചിച്ച ചൈനയിലെ ഇസ്‌ലാമിനെപ്പറ്റിയുള്ള ഒരു കൃതിയിൽ, ഇസ്‌ലാം ചൈനയിലെ ദേശീയ മതമായി മാറുമെന്നും അങ്ങനെ കിഴക്കിന്റെ രാഷ്ട്രീയ വ്യവസ്ഥ തന്നെ പാടെ പരിവർത്തിക്കപ്പെടുമെന്നും പ്രവചിക്കത്തക്ക വിധത്തിൽ ഇസ്‌ലാം ചൈനയിലെ നിർണായക ശക്തിയായിരുന്നു. എന്നാൽ ആ പ്രവചനം പുലർന്നില്ലെന്ന് മാത്രമല്ല തുടർന്നുണ്ടായ രാഷ്ട്രീയ മാറ്റങ്ങൾ, പ്രക്ഷോഭങ്ങൾ, കൂട്ടക്കൊലകൾ, കമ്യൂണിസ്റ്റ് വിപ്ലവം, അതെത്തുടർന്നുണ്ടായ തീവ്ര പരിഷ്കരണ നടപടികൾ എന്നിവമൂലം ചൈനയിലെ ഇസ്‌ലാം മൃതപ്രായമാവുകയാണുണ്ടായത്.

20-ാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ കമ്യൂണിസ്റ്റ് വ്യവസ്ഥക്കുണ്ടായ അപചയവും സോവിയറ്റ് റഷ്യയുടെ പതനവും സൃഷ്ടിച്ച സവിശേഷ സാഹചര്യം ചൈനയിലും അനുരണനങ്ങൾ ഉണ്ടാക്കി. ചൈനയിലെ ഭരണാധികാരികൾ നാമമാത്രമായെങ്കിലും മുസ്‌ലിംകൾക്ക് മതസ്വാതന്ത്ര്യം അനുവദിക്കാൻ തയ്യാറായി. ഫാക്ടറികളാക്കി മാറ്റപ്പെട്ടതും പൂട്ടിക്കിടന്നിരുന്നതുമായ നിരവധി പള്ളികൾ ആരാധനക്ക് വേണ്ടി തുറന്നുകൊടുത്തു. ആയിരക്കണക്കിന് ആളുകൾ പള്ളിയിലേക്ക് വരാൻ തുടങ്ങി.

ഔദ്യോഗിക കണക്കുകൾ പ്രകാരം ചൈനയിൽ ഇപ്പോൾ 20 ദശലക്ഷത്തോളം മുസ്‌ലിംകൾ ഉണ്ട്. അവർ റഷ്യയിലേത് പോലെ വ്യത്യസ്തങ്ങളായ അനേകം വർഗങ്ങളിൽ പെട്ടവരാണ്. മുസ്‌ലിം ജനസംഖ്യയുടെ ഏതാണ്ട് പകുതിവരുന്ന ഹുയി വിഭാഗക്കാരാണ് ഏറ്റവും കൂടുതൽ. പിന്നീട് ഉയ്ഗുർ (**Uighur**) ഏകദേശം ഏഴര ദശലക്ഷം, കസാക് ഒരു ദശലക്ഷത്തിൽ പരം, ഡോങ്ങ്ശിയാങ്, കിർഗിസ്, സാലാർ, താജിക്, ഉസ്ബക്, ബോനാൻ, താതാർ എന്നിങ്ങനെയുള്ള വിഭാഗങ്ങളാണ് അവർ. മുസ്‌ലിംകൾ മൊത്തം ജനസംഖ്യയുടെ രണ്ട് ശതമാനത്തോളം വരും. സിൻജിയാംഗ് ഗാൻസു, നിംഗ്സിയ തുടങ്ങിയ പ്രവിശ്യകളിലാണ് അവർ അധികവും താമസിക്കുന്നത്. പടിഞ്ഞാറൻ പ്രവിശ്യയിൽ മൊത്തം ജനസംഖ്യയുടെ പത്തിലൊന്ന് മുസ്‌ലിംകളാണ്. സിൻജിയാംഗ് ഗണ്യമായ തോതിൽ മുസ്‌ലിം ഭൂരിപക്ഷമുള്ള ഒരു പ്രവിശ്യയാണ